# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 4137

03.02.2014 – ൽ മറുപടിയ്ക്ക്

## ആയുർവേദ മേഖലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്. സുനിൽകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അലോപ്പതി, ദന്തൽ മേഖലകളിൽ നിലനിൽക്കുന്ന റസിഡൻസി സമ്പ്രദായം ആയുർവേദ മേഖലയിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ സമ്പ്രദായം നടപ്പാക്കാൻ കഴിയാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഇല്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തിക പശ്ചാത്തലത്തിൽ അധിക സാമ്പത്തിക ബാധ്യത വഹിക്കാൻ കഴിയാത്തതിനാലാണ് ഇക്കാര്യം നടപ്പാക്കാൻ കഴിയാത്തത്. |
| (ബി) സംസ്ഥാനത്തെ ആയുർവേദ കോളേജ് ആശുപത്രികളിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്നും ഈ ആശുപത്രികളിൽ 2012 വർഷത്തിൽ ചികിത്സ തേടിയെത്തിയവരുടെ എണ്ണം എത്രയാണെന്നും ഇതിൽ ഒ.പി., ഐ.പി. വിഭാഗങ്ങളിൽ എത്ര വീതമാണെന്നും വിശദമാക്കുമോ ; | (ബി) തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജുകളിൽ യഥാക്രമം 646, 489, 150 എന്ന പ്രകാരം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. ഈ ആശുപത്രികളിൽ 2012-ൽ ചികിത്സ തേടിയവരുടെ വിവരം ചുവടെ ചേർക്കുന്നു :-<br><u>ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം</u><br>ഒ.പി. വിഭാഗം - 2,46,868<br>ഐ.പി. വിഭാഗം - 6,468<br><u>ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ</u><br>ഒ.പി. വിഭാഗം - 2,06,225<br>ഐ.പി. വിഭാഗം - 3,431<br><u>ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ</u><br>ഒ.പി. വിഭാഗം - 66,170<br>ഐ.പി. വിഭാഗം - 2,146 |

(മറുപുറം)

| | | | |
|---|---|---|---|
| (സി) | ആയുർവേദ കോളേജ് ആശുപത്രികളിലായി എത്ര പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികളും എത്ര ഹൗസ് സർജൻമാരും സേവനം അനുഷ്ഠിക്കുന്നുണ്ട് എന്നറിയിക്കുമോ ; | (സി) | സംസ്ഥാനത്തെ 3 ആയുർവേദ കോളേജ് ആശുപത്രികളിലായി നിലവിൽ 108 പി.ജി. വിദ്യാർത്ഥികളും 113 ഹൗസ് സർജന്മാരും സേവനം അനുഷ്ഠിക്കുന്നു. |
| (ഡി) | ഈ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും വൈദ്യ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വിശദമാക്കുമോ ; | (ഡി) | ഉണ്ട്. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 1 മണി വരെ വിവിധ ഒ.പി. വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത ദിവസങ്ങളിൽ ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി 8 മണി വരെ കാഷ്വാൽറ്റിയും, രാത്രി 8 മണി മുതൽ അടുത്ത ദിവസം രാവിലെ 8 മണിവരെ നൈറ്റ് ഡ്യൂട്ടിയും ഞായർ ദിവസങ്ങളിൽ സൺഡേ ഒ.പി. കളും പ്രവർത്തിക്കുന്നു. |
| (ഇ) | മറ്റ് മേഖലകളുമായി തട്ടിച്ചുനോക്കുമ്പോൾ ആയുർവേദ മേഖലയിൽ പി.ജി., ഹൗസ് സർജൻസ് സ്റ്റൈഫന്റിന് വലിയ വ്യത്യാസമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്. പി.ജി. സ്റ്റൈപന്റ് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ഹൗസ് സർജൻസിന്റെ സ്റ്റൈപന്റ് അലോപ്പതിയിലേതിനു തുല്യമാക്കുന്നതിനുള്ള ശുപാർശ അടുത്ത സാമ്പത്തിക വർഷം ഉന്നയിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ